# ബി.എ / ബി.എസ് സി കോമൺ കോഴ്സ്

## മലയാള സാഹിത്യം - 3

സമയം രണ്ടര മണിക്കൂർ | മാർക്ക് -80

---

**I രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക 2 മാർക്ക് വീതം. പരമാവധി 25 മാർക്ക്**

1,അസംബന്ധ നാടകവേദി എന്നാലെന്ത് ?
2,പാട്ടബാക്കി.- നാടകത്തെക്കുറിച്ച് ചെറു വിവരണം എഴുതുക.
3,"അർജ്ജുനശരമല്ലിത്. പ്രതിസംഹാരമന്ത്രം എനിക്കറിഞ്ഞുകൂടാ.'- സന്ദർഭമെഴുതുക.
4,പാശ്ചാത്യനാടകവേദിയുടെ അടിസ്ഥാന ഘടകങ്ങളേവ ?
5,പെരുന്തച്ചനും ഐതീഹ്യവും. - കുറിപ്പെഴുതുക.
6,ബിംബങ്ങൾ നിർമ്മിക്കാനുള്ള കല്ലിന്റെ പ്രത്യേകതകളായി പെരുന്തച്ചൻ പറയുന്നതെന്ത് ?
7,ലോകത്തിലെ ആദ്യത്തെ ചലിക്കുന്ന ചിത്രത്തിൽ തെളിഞ്ഞ ദൃശ്യങ്ങൾ എന്തെല്ലാം ?
8,ആത്മകഥയും ജീവചരിത്രവും. - വ്യത്യാസമെന്ത്?
9,അമ്മ വാരസ്യാർ ദൗഹിത്രിയേയും കുട്ടി വി.ടിയെ കാണാൻ വന്നത് എന്തിനായിരുന്നു?
10,'പാലൂട്ടി പോറ്റിയവർക്ക് കണ്ണീര് പകരം കൊടുത്ത പഹയൻ ആര്.' ആര് ആരെക്കുറിച്ചാണ് ഇങ്ങനെ പറഞ്ഞത്?
11,'സാറിനതൊരു ചെറിയ സുഖമല്ലേ'. - സന്ദർഭമെഴുതുക.
12,പ്രൊഫസർ ഈച്ചര വാര്യരുടെ ആത്മകഥയെ പരിചയപ്പെടുത്തുക.
13,സഞ്ചാരസാഹിത്യം.-ലഘുവിവരണം നൽകുക.
14,ഗൗരീകുണ്ഡ് എന്തായിരുന്നു ?
15,'അതാ, ഹിമാലയത്തിനുള്ളിലേക്കുള്ള വാതിൽ.' - ഇങ്ങനെ പറഞ്ഞതെപ്പോഴാണ് ?

**II ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി 35 മാർക്ക്**

16,'ഭരതവാക്യം' നാടകത്തിലെ രംഗസംവിധാനത്തെപ്പറ്റി വിശദമാക്കുക.
17,അനുഷ്ഠാനത്തിന്റെ ദേവാസുരഭാവങ്ങൾ അരങ്ങിനിണങ്ങുംവണ്ണം സാഹിത്യബിംബങ്ങളിൽ സന്നിവേശിപ്പിച്ചിരുന്നു എൻ. പ്രഭാകരൻ.- സമർത്ഥിക്കുക.
18,'തമ്പുരാട്ടീ! സ്വന്തം കണക്കെ പിഴച്ചോള്ളു പെരുന്തച്ചന് ഇന്നോളം.' ഇങ്ങനെ പറയാനുണ്ടായ സന്ദർഭമെഴുതി വിശദീകരിക്കുക.
19,കലയുടെ നിർവ്വചനങ്ങളുടെ പൊതുസ്വഭാവത്തിലെ മൂന്ന് ഘട്ടങ്ങളെ അടൂർ വേർതിരിച്ചെടുക്കുന്നുണ്ട്. ഇവ എഴുതി വിശദീകരിക്കുക.
20,'അവിചാരിതമായി നേരിട്ട ഈ ദുര്യോഗം എന്നെ ഇരുത്തി ചിന്തിപ്പിച്ചു'. സന്ദർഭം എഴുതി വിശദമാക്കുക.
21,പ്രണയം പ്രകടനപരമായതിന്റെ അനുഭവം റോസി തോമസ് വിവരിക്കുന്നതെങ്ങനെ?
22,ഈച്ചര വാര്യർ കെ.കരുണാകരനെ കണ്ട സന്ദർഭം വിവരിക്കുക.
23,ഗോവിന്ദ സ്വാമിയുടെ ബാല്യത്തെയും, സന്യാസത്തെയും കുറിച്ച് വിവരിക്കുക.

**III ഏതെങ്കിലും രണ്ട് ചോദ്യത്തെക്കുറിച്ച് മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക [2 x10 ]**

24,അപാരമായ അഭിനയസാധ്യതകൾക്കും ധ്വന്യാത്മകമായ രംഗവിന്യാസത്തിനും അവസരങ്ങളുള്ള നാടകമാണ് 'ഭരതവാക്യം'.- സമർത്ഥിക്കുക.

25,പ്രാദേശികമായ ഒരു മിത്തിന് ദൃശ്യരൂപം നൽകിയപ്പോൾ എം.ടി വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമായിരുന്നു ?

26,കേരളത്തിന്റെ പ്രകൃതിയും ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും കാലവുമൊക്കെ പി.യുടെ ആത്മകഥയിൽ ഇഴുകിച്ചേർന്നിരിക്കുന്നു.-സമർത്ഥിക്കുക.

27,യാത്രാവിവരണം വായിക്കുമ്പോൾ വായനക്കാരനും, താൻ ആ ദേശത്തിലൂടെ സഞ്ചരിക്കുന്നതായി അനുഭവപ്പെടും. 'ഹിമവാന്റെ മുകൾത്തട്ടിൽ 'എന്ന കൃതിയെ മുൻനിർത്തി സമർത്ഥിക്കുക.